**പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,
തിരുവനന്തപുരം -695003, ഫോൺ/ഫാക്സ് – 0471 2727379
ഇമെയിൽ – bcddkerala@gmail.com, വെബ്സൈറ്റ് -www.bcdd.kerala.gov.in

**BCDIR/B2/308/2021** തീയതി :29/06/2021

ഭരണഭാഷ – മാതൃഭാഷ

## വിജ്ഞാപനം
## ബാർബർഷോപ്പ് നവീകരണ പദ്ധതി 2021-22

സംസ്ഥാനത്ത് പരമ്പരാഗതമായി ബാർബർ തൊഴിൽ ചെയ്തു വരുന്ന മറ്റ് പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് തൊഴിൽ നവീകരണത്തിന് ധനസഹായം നൽകുന്ന "ബാർബർ ഷോപ്പ് നവീകരണത്തിനുള്ള ധനസഹായം" എന്ന പദ്ധതിക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ (ഒ.ബി.സി) ഉൾപ്പെട്ടവരും പരമ്പരാഗതമായി ബാർബർ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമായിരിക്കണം.

<u>അപേക്ഷകർക്കുള്ള മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.</u>

- സംസ്ഥാനത്തെ മറ്റ് പിന്നാക്ക സമുദായങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ട സമുദായാംഗമായിരിക്കണം.
- കേരളീയനായിരിക്കണം
- കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ അധികരിക്കരുത്
- അപേക്ഷകർക്കുള്ള പരമാവധി ഗ്രാന്റ് 25000/- രൂപ ആയിരിക്കും.
- അപേക്ഷ സമർപ്പിക്കുന്നതിനുള്ള പരമാവധി പ്രായപരിധി 60 വയസ്സാണ്.
- ഇതേ പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവരോ, അവരുടെ കുടുംബാംഗങ്ങളോ അപേക്ഷിക്കേണ്ടതില്ല
- ഗ്രാമപ്രദേശങ്ങളിൽ ബാർബർഷോപ്പ് നടത്തുന്നവർക്ക് മുൻഗണന നൽകുന്നതാണ്.
- 2018, 2019 വർഷങ്ങളിലെ പ്രളയ ബാധിത മേഖലകളിൽ ബാർബർഷോപ്പ് നടത്തുന്നവർക്ക് പരിശോധിച്ച് ബോധ്യപ്പെടുന്ന പക്ഷം മുൻഗണന നൽകുന്നതാണ്.
- അപേക്ഷാ ഫാറം www.bcdd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.
- പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ പതിച്ച പൂരിപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും സ്ഥാപനം പ്രവർത്തിക്കുന്ന സ്ഥലത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിക്ക് 31.07.2021 തീയതിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.

<u>അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ ചുവടെ ചേർക്കുന്നു</u>.

ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് (തദ്ദേശ സ്വയം ഭരണ സ്ഥാപന ചെയർമാൻ/പ്രസിഡന്റിൽ നിന്നോ, സെക്രട്ടറിയിൽ നിന്നോ വാങ്ങാവുന്നതാണ്), റേഷൻ കാർഡിന്റെ പകർപ്പ്, സ്ഥാപനത്തിന്റെ ഉൾഭാഗം വ്യക്തമായി

കാണുന്ന വിധത്തിലുള്ള നിലവിലെ ഫോട്ടോ , ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/ആധാർ കാർഡിന്റെ പകർപ്പ്, കടയുടെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന്റെ/വാടക കരാറിന്റെ പകർപ്പ്, ബന്ധപ്പെട്ട സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ലൈസൻസിന്റെ പകർപ്പ്, പ്രളയ ബാധിത മേഖലയിൽ സ്ഥാപനം നടത്തുന്ന വ്യക്തിയാണെങ്കിൽ ആയത് തെളിയിക്കുന്ന ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിയുടെ സാക്ഷ്യപത്രം.

<u>അപേക്ഷയിന്മേൽ തദ്ദേശ സ്വയംഭരണ സ്ഥാപന അധികൃതർ സ്വീകരിക്കേണ്ട നടപടികൾ</u>

സെക്രട്ടറിക്ക് ലഭിക്കുന്ന അപേക്ഷ പരിശോധിച്ച് അപേക്ഷാഫോമിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം അർഹമായ മാർക്ക് നൽകി ആകെ ലഭ്യമായ അപേക്ഷകരുടെ മുൻഗണനാ ക്രമം നിശ്ചയിച്ചതിനു ശേഷം ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയിൽ ടി പട്ടിക അംഗീകാര വിധേയമാക്കി, പട്ടികയും അപേക്ഷകളും തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേന പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ലഭ്യമാക്കേണ്ടതാണ് . മേൽപ്രകാരമുള്ള മുൻഗണനാ പട്ടിക അനുസരിച്ചായിരിക്കും ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുകയെന്നതിനാൽ പരമാവധി കൃത്യമായ പട്ടിക തയ്യാറാക്കി നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് /മുൻസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ അപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതി 31.07.2021 തദ്ദേശ സ്വയം ഭരണ സെക്രട്ടിമാർ അപേക്ഷകളും മുൻഗണനാ പട്ടികകളും പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് 15.08.2021 നകം ലഭ്യമാക്കേണ്ടതാണ്. <u>തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള അപേക്ഷകളും പട്ടികകളും മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, സിവിൽ സ്റ്റേഷൻ, കാക്കനാട് എറണാകുളം – 682030, ഫോൺ – 0484 2983130 എന്ന വിലാസത്തിലും തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള അപേക്ഷകളും പട്ടികകളും മേഖലാ ഡെപ്യൂട്ടി ഡയറക്ടർ പിന്നാക്ക വിഭാഗ വികസന വകുപ്പ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട് – 673020 ഫോൺ – 0495 2377786 എന്ന വിലാസത്തിലും അയക്കേണ്ടതാണ്.</u>

Signature Not Verified

Digitally signed by SREEVIDYA P I

Date: 2021.06.29 20:33:23 IST

Reason: Approved

പി.ഐ. ശ്രീവിദ്യ ഐ.എ.എസ്

ഡയറക്ടർ

<u>പകർപ്പ്</u>

1. ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, പി.വി.വി.വ (ഉപരിപത്രം സഹിതം)
2. ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ഉപരിപത്രം സഹിതം)
3. ഗവ. പ്രിൻസിപ്പൽ ഡയറക്ടർ, ഏകോപിത തദ്ദേശ സ്വയം ഭരണ വകുപ്പ് (ഉപരിപത്രം സഹിതം)
4. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഉപരിപത്രം സഹിതം)
5. ഡയറക്ടർ, എൽ.എസ്.ജി.ഡി, (റൂറൽ)(ഉപരിപത്രം സഹിതം)
6. ഡയറക്ടർ, എൽ.എസ്.ജി.ഡി, (അർബൻ)(ഉപരിപത്രം സഹിതം)
7. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പി.വി.വി.വ – എറണാകുളം / കോഴിക്കോട്
8. ഐ.ടി ഡിവിഷൻ കോർഡിനേറ്റർ – പി.വി.വി.വ (വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിന്)
9. നോട്ടീസ് ബോർഡ്
10. കരുതൽ/അധികം